**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4271** **28-10-2021 - ൽ മറുപടിയ്ക്ക്**

**കയർ ജിയോ ടെക്സ്റ്റൈൽ ഇറക്കുമതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ വി ശശി | | **Shri. P. Rajeeve**<br>**(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്തെ കയർ വ്യവസായ മേഖലയ്ക്ക് എത്ര ടൺ ചകിരി ആവശ്യമാണെന്ന് കണക്കാക്കിയിട്ടുണ്ടോ; അത്രയും ചകിരി കേരളത്തിൽ ഉത്പാദിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; | (എ) | 2021-22 സാമ്പത്തിക വർഷം 3 ലക്ഷം ക്വിന്റൽ കയർ ഉൽപ്പാദനം ലക്ഷ്യമിട്ടിട്ടുള്ളതിനാൽ 36000 ടൺ ചകിരി ആവശ്യമാണ്. കയർ രണ്ടാം പുനഃസംഘടനയുടെ ഭാഗമായി എണ്ണായിരം മുതൽ ഒരു ലക്ഷം തൊണ്ടുവരെ ചകിരിയാക്കി മാറ്റാൻ കഴിയുന്ന 128 ഡീ-ഫൈബറിംഗ് മില്ലുകൾ സ്ഥാപിച്ചിട്ടുണ്ട്. ഇതുവഴി ചകിരി ഉൽപ്പാദന ശേഷി 2021 സെപ്റ്റംബർ മാസത്തിൽ 29000 ടണ്ണായി ഉയർന്നിട്ടുണ്ട്. പ്രതിവർഷ ഉൽപ്പാദനശേഷി 480% വർദ്ധിപ്പിക്കാൻ സാധിച്ചു. പതിമൂന്നാം പഞ്ചവത്സര പദ്ധതിക്കാലത്ത് 500 ചകിരി മില്ലുകൾ സ്ഥാപിക്കുന്നതിനാണ് ലക്ഷ്യമിട്ടിരിക്കുന്നത്. അതോടെ കേരളത്തിലെ കയർ വ്യവസായ മേഖലയ്ക്ക് ആവശ്യമായ ചകിരി ഉൽപ്പാദിപ്പിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. |
| (ബി) | കയർ വ്യവസായ മേഖലയ്ക്ക് വളരയേറെ പുരോഗതി നൽകുന്ന കയർ ജിയോ ടെക്സ്റ്റൈൽ ഗണ്യമായ രീതിയിൽ കുറഞ്ഞ വിലയ്ക്ക് ഇതരസംസ്ഥാനങ്ങളിൽ നിന്ന് ഇറക്കുമതി ചെയ്യുന്നത് കയർ വ്യവസായത്തെ പ്രതിസന്ധിയിലാക്കുന്ന സാഹചര്യം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; വിശദമാക്കുമോ? | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ